**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.273 — 23.01.2018 ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളുടെ നവീകരണം

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ നവീകരിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) | ➤ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്മാരുടേയും ഡോക്ടർമാരുടെയും, ലാബ് ടെക്നീഷ്യൻമാരുടെയും, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെ കൂടി 830 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പു വരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്നു വർഷം കൊണ്ട് സൃഷ്ടിക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻ പ്രകാരം ജില്ലാ/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>➤ പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ നിന്നും G.O(Rt)773/17/H&FWD datd 22.03.2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.<br><br>➤ എല്ലാ മെഡിക്കൽ കോളേജിലെ ഒ.പി.കളും രോഗി സൗഹൃദമാക്കി മാറ്റുന്നതിനുള്ള കരാർ നൽകിക്കഴിഞ്ഞു.<br><br>➤ രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു.<br><br>➤ തെരെഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 170 ലാബ്ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തിക സൃഷ്ടിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ വഴി ലഭ്യമാക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;</td><td rowspan="2">(ബി)<br>&<br>(സി)</td><td rowspan="2">ഉണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><table><tr><td>1.</td><td>ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ)</td><td>1</td></tr><tr><td>2.</td><td>കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ</td><td>1</td></tr><tr><td>3.</td><td>സ്റ്റാഫ് നേഴ്സ്</td><td>4</td></tr><tr><td>4.</td><td>നേഴ്സിംഗ് അസിസ്റ്റന്റ്</td><td>3</td></tr><tr><td>5.</td><td>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1</td><td>3</td></tr><tr><td>6.</td><td>ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 2</td><td>1</td></tr><tr><td>7.</td><td>ലാബ് ടെക്നീഷ്യൻ</td><td>1</td></tr></table>മേൽപ്പറഞ്ഞ തസ്തികകളിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ)-ന്റെ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി.യിൽ നിന്ന്</td></tr>
<tr><td>(സി)</td><td>നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| | | | നിയമന ശുപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപടി സ്വീകരിച്ചിട്ടുണ്ട്, ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് 1& 2 ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ